തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# ഇരുപത്തിമൂന്നാമത്
# പണ്ഡിതസഭായോഗ തീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, തിരൂർ**

**2020 മാർച്ച് 16, രാവിലെ 10.30**

**പങ്കെടുത്തവർ**

1. ഡോ. വി. അനിൽകുമാർ (വൈസ് ചാൻസലർ)
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)
3. ഡോ. എം.ആർ. രാഘവവാരിയർ
4. ഡോ. കെ.പി. രാമനുണ്ണി
5. ഡോ. പി. പവിത്രൻ
6. ഡോ. ഖദീജാമുംതാസ്
7. ഡോ. മോഹൻദാസ് യു.എ
8. ഡോ. സതീഷ്. പി

മലയാള സർവകലാശാലയുടെ ഇരുപത്തിമൂന്നാമത് പണ്ഡിതസഭായോഗം 2020 മാർച്ച് 16ന് രാവിലെ 10.30ന് ആരംഭിച്ചു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഭാഷാ സാഹിത്യ പണ്ഡിതനായ പുതുശ്ശേരി രാമചന്ദ്രൻ സാറിന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

അതിനുശേഷം അജണ്ടയിലെ ഇനങ്ങളിലേക്ക് കടന്നു.

ഇനം നമ്പർ: **2020.01** (01/23)

വിഷയം: **എം.എൻ. സത്യാർത്ഥിയുടെ പേരിൽ വിവർത്തനപഠനത്തിനായി ചെയർ സ്ഥാപിക്കുന്നത് സംബന്ധിച്ച് - ഉപസമിതി റിപ്പോർട്ട് സഹിതം**

തീരുമാനം: എം.എൻ. സത്യാർത്ഥിയുടെ പേരിൽ വിവർത്തനപഠനത്തിനായി ചെയർ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഉപസമിതിയുടെ റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയ്ക്കൊടുവിൽ, റിപ്പോർട്ട് തള്ളുകയും ചെയർ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി സമർപ്പിക്കുവാൻ വേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനായി വൈസ് ചാൻസലറെ യോഗം ചുമതലപ്പെടുത്തുകയും ചെയ്തു.

നമ്പർ: 2781/2019/അഡ്മിൻ (ഭരണവിഭാഗം)

ഇനം നമ്പർ: **2020.02** (02/23)

വിഷയം: **മലയാളത്തോടൊപ്പം ഇംഗ്ലീഷിലും കൂടി തയ്യാറാക്കുന്ന എംഫിൽ, പിഎച്ച്ഡി പ്രബന്ധങ്ങൾ മൂല്യനിർണയത്തിന് അയക്കുന്നത് സംബന്ധിച്ച്**

തീരുമാനം: എം.ഫിൽ/പി.എച്ച്ഡി- ഇംഗ്ലീഷിൽ പ്രബന്ധങ്ങൾ തയ്യാറാക്കി മൂല്യനിർണയത്തിന് അയയ്ക്കാനുള്ള നിർദ്ദേശം അക്കാദമിക് കൗൺസിൽ നിരാകരിച്ചു. മലയാളത്തിൽ തയ്യാറാക്കിയ പ്രബന്ധങ്ങളുടെ നാലു കോപ്പികളാണ് മൂല്യനിർണ്ണയത്തിനുവേണ്ടി സർവകലാശാലയിൽ സമർപ്പിക്കേണ്ടത്. ഗവേഷകർക്ക് വേണമെങ്കിൽ ഇംഗ്ലീഷിലോ മറ്റു ഭാഷകളിലോ പ്രബന്ധത്തിന്റെ കോപ്പി തയ്യാറാക്കാം. പക്ഷേ അതിൽ മലയാളസർവകലാശാലക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കില്ല. പ്രബന്ധങ്ങളെല്ലാം മലയാളത്തിൽ തയ്യാറാക്കി മൂല്യനിർണ്ണയം നടത്തുന്ന നടപടി തുടരേണ്ടതാണെന്നും തീരുമാനിച്ചു.

ഭാഷയും സാഹിത്യവും ഒഴികെയുള്ള വിഷയങ്ങളിൽ ഒരു ഗ്ലോസറി തയ്യാറാക്കുന്നതിന് വേണ്ടി റിസർച്ച് കൗൺസിലിന്റെ ഉപദേശം തേടാനും യോഗം നിർദ്ദേശിച്ചു.

നമ്പർ: 3055/എ2/2019/അഡ്മിൻ (ഭരണവിഭാഗം)

ഇനം നമ്പർ: **2020.03** (03/23)

വിഷയം: **വികസനപഠനം (തദ്ദേശവികസനം) - തുല്യതപരീക്ഷ സിലബസ് അംഗീകരിക്കുന്നതും തുല്യതാപരീക്ഷകളുടെ ഫീസ് നിരക്ക് നിശ്ചയിക്കുന്നതും സംബന്ധിച്ച്**

തീരുമാനം: കുറിപ്പിനോടൊപ്പം നൽകിയിട്ടുള്ള സിലബസിൽ സാമ്പത്തികശാസ്ത്ര മേഖലയ്ക്കാണ് ഊന്നൽ നൽകിയിരിക്കുന്നത് എന്ന് യോഗം വിലയിരുത്തി. കരടു സിലബസിന്റെ കൗൺസിൽ നിർദ്ദേശിച്ച മാറ്റങ്ങൾ ബോർഡ് പരിഗണിച്ച് അവ നടപ്പിലാക്കാൻ ശ്രദ്ധിച്ചില്ല എന്നത് ഏറെ ഖേദകരമാണെന്നും ചൂണ്ടിക്കാണിച്ചു. ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകേണ്ടതാണ്. കേരളീയ വികസനാനുഭവത്തെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഈ സിലബസ് പരിഷ്കരിക്കേണ്ടത്. സിലബസിൽ അധികവായനയ്ക്ക് ഒരു മലയാളം പുസ്തകം പോലും നൽകിയിട്ടില്ല. മലയാളത്തിൽ ലഭ്യമായ പുസ്തകങ്ങൾ തീർച്ചയായും ഉൾപ്പെടുത്തണം. (ഡോ.എം.എ. ഉമ്മൻ, ഡോ. തോമസ് ഐസക്, ഡോ. ടി. ടി. ശ്രീകുമാർ എന്നിവരുടെ കൃതികൾ ഉദാഹരണം) സിലബസ് പരിഷ്കരണത്തിന് ഒരു വർഷത്തിലേറെ സമയമാണ് വിനിയോഗിച്ചിരിക്കുന്നത്. ഈ കാലതാമസം അനുവദനീയമല്ല. പുതിയ വിദ്യാർത്ഥികളുടെ പ്രവേശനത്തിന് മുമ്പ് സിലബസ് പൂർണമായും പരിഷ്കരിക്കണം. നിലവിലെ സിലബസിൽ 1,2 സെമസ്റ്റർ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ 3,4 സെമസ്റ്ററുകളിൽ കേരള വികസനത്തെ കേന്ദ്രീകരിക്കുന്ന പേപ്പറുകൾ വേണം. പഠനബോർഡ് തയ്യാറാക്കുന്ന സിലബസ് ഒരു വിദഗ്ദ്ധ സമിതി പരിശോധിക്കണം. വിഷയത്തിന്റെയും ഭാഷയുടെയും വിദഗ്ദ്ധാംഗങ്ങൾ പ്രസ്തുത സമിതിയിൽ ഉണ്ടാവണം. ഇതിന്മേലുള്ള അനന്തര നടപടികൾക്ക് യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. 2019-2020ൽ പ്രവേശനം നേടി പഠനം തുട

രുന്ന വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് ഒന്ന്, രണ്ട് സെമസ്റ്റർ സിലബസ് മാത്രം താൽക്കാലികമായി അംഗീകരിക്കാൻ തീരുമാനമെടുത്തു.

നമ്പർ: 2346/എ2/2018/അഡ്മിൻ (ഭരണവിഭാഗം)

ഇനം നമ്പർ: **2020.04** (04/23)

വിഷയം: **ബിരുദാനന്തരബിരുദ കോഴ്സുകളുടെ പരീക്ഷാസംബന്ധമായ പുതുക്കിയ ചട്ടങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: പുറം 4-ൽ നൽകിയിരിക്കുന്ന ഗ്രേഡുകൾ പരിഷ്ക്കരിക്കണം. ഗ്രേഡുകൾക്ക് നൽകിയിരിക്കുന്ന അക്ഷരക്രമങ്ങൾ ($A^+$, A) എന്നിവ കേരള, കാലിക്കറ്റ്, സംസ്കൃത സർവ്വകലാശാലയുടെ ക്രമമനുസരിച്ച് പരിഷ്ക്കരിക്കേണ്ടതാണ്. സി.ബി.സി.എസ്.എസ് ഡയറക്ടറെ നിയമിക്കണമെന്ന ആവശ്യവും മുന്നോട്ടുവെച്ചു. ഇതോടൊപ്പം വിദ്യാർത്ഥി സംഘടന നൽകിയ അപേക്ഷയിലെ ആവശ്യങ്ങളും ചർച്ച ചെയ്തു.

i) സപ്ലിമെന്ററി പരീക്ഷകൾ എന്ന ആവശ്യം CBCSS ൽ നടപ്പിലാക്കാനാവില്ല.

ii) CBCSS ൽ 16 ക്രെഡിറ്റ് എന്നതിൽ 4 പേപ്പറാണ്. ഒരു സെമസ്റ്ററിൽ 5 പേപ്പർ. ഒരു പേപ്പർ ഒഴിവാക്കണമെങ്കിൽ അതിന് അനുമതിയുണ്ട്. നാലുപേപ്പർ എഴുതിയാൽ മതി. CBCSS ൽ 16 മിനിമം ക്രെഡിറ്റ് ഉണ്ടെങ്കിലേ അടുത്ത സെമസ്റ്ററിലേക്ക് പ്രവേശനം നൽകാനാവൂ എന്നാണ് നിയമം. അതിനാൽ ക്രെഡിറ്റിൽ കുറവു വരുത്തണമെന്ന ആവശ്യം അംഗീകരിക്കാനാവില്ല.

iii) പ്രവേശന പരീക്ഷയ്ക്ക് ആവശ്യമെങ്കിൽ കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. പ്രവേശന പരീക്ഷയുടെ മാത്രം അടിസ്ഥാനത്തിൽ അഡ്മിഷൻ നൽകുക. പക്ഷേ പ്രവേശന പരീക്ഷയുടെ ചോദ്യത്തിന്റെ നിലവാരം ഉയർന്നതായിരിക്കണം. വിവരണാത്മകരീതിയിലുള്ള ചോദ്യങ്ങളും ഉണ്ടാവണം. മൂല്യനിർണയം കേന്ദ്രീകൃത രീതിയിലാവണം. വിവരണാത്മക രീതിയിലെ ചോദ്യങ്ങളിൽ ഒരേ ചോദ്യം വിവിധ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ എല്ലാ പേപ്പറിലേതും ഒരേ അധ്യാപകൻ തന്നെ മൂല്യനിർണയം ചെയ്യണം. BA / BSc/B.com ബിരുദധാരികൾക്ക് മാത്രമേ പ്രവേശന പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതുള്ളൂ. പ്രവേശന പരീക്ഷയുടെ വിജ്ഞാപനത്തിനൊപ്പം അതതുവിഷയത്തിൽ നടത്തുന്ന പരീക്ഷയുടെ സിലബസും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം.

iv) വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന 10% വരെയുള്ള ഹാജർ ഇളവു സംബന്ധിച്ച വിഷയത്തിൽ വൈസ് ചാൻസലർക്ക് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

v) ചോദ്യപേപ്പറിന്റെ മാതൃക വിഷയത്തിനനുസരിച്ച് ക്രമീകരിക്കണം. ചോദ്യമാതൃക BOS തന്നെ തയ്യാറാക്കി നൽകുക.

കൂടുതൽ വിശദമായി പുതുക്കിയ പരീക്ഷാചട്ടം അടുത്ത യോഗത്തിൽ ചർച്ച ചെയ്യുവാൻ തീരുമാനിച്ചു. അത്യാവശ്യമായി നടപ്പിൽ വരുത്തേണ്ട കാര്യങ്ങളിൽ തീരുമാനമെടുക്കുവാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

നമ്പർ: 1245/2019/ജനറൽ/പ.വി. (പരീക്ഷാ വിഭാഗം)

ഇനം നമ്പർ: **2020.05** (05/23)

വിഷയം: **സാഹിത്യം - കല - പൈതൃകപഠനം ഫാക്കൽറ്റി ഉപദേശകസമിതികളുടെ ശുപാർശകൾ പരിഗണിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: ആക്ടിൽ നൽകിയിരിക്കുന്ന പ്രകാരം ഫാക്കൽറ്റി-സ്കൂൾ-കോഴ്സ് എന്നത് ഫാ ക്കൽറ്റി-സ്കൂൾ-പ്രോഗ്രാം എന്നു മാറിയിട്ടുണ്ട്. കോഴ്സ് എന്നാൽ പേപ്പർ എന്നാണ് യുജിസി അർത്ഥമാക്കുന്നത്.

സർവകലാശാല നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സ്കൂൾ എന്ന ഘടന സ്വീകരിക്കുവാൻ തീരുമാനിച്ചു. പക്ഷേ, ഇവിടെ ഡിപ്പാർട്ട്മെന്റിനെയാണ് സ്കൂൾ എന്നു വ്യവഹരിക്കുന്നത്. 9 വകുപ്പുകളെ 10 സ്കൂൾ എന്ന രീതിയിൽ പുനഃക്രമീകരിക്കാവുന്നതാണ്. ഓരോ സ്കൂളിനും ഓരോ ഡയറക്ടർ ഉണ്ടാവണം. വകുപ്പദ്ധ്യക്ഷന്മാരുടെ സ്ഥാനത്ത് സ്കൂൾ ഡയറക്ടർമാരെ നിയോഗിക്കണം.

ഫാക്കൽറ്റിയുടെ പേരിന്റെ പ്രശ്നമാണ് അടുത്തതായി ചർച്ച ചെയ്തത്. ഫാക്കൽറ്റികളുടെ പേരുകൾ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിന്റെ അദ്ധ്യായം III ലെ അനുച്ഛേദം 22 (1)ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമായിരിക്കണമെന്ന് തീരുമാനിച്ചു. സാഹിത്യപഠനം/സാഹിത്യരചന എന്നിവ രണ്ടു സ്കൂൾ ആകും. രണ്ട് ഡയറക്ടർമാർ ഉണ്ടാകും. ചരിത്രപ്രോഗ്രാം സംസ്കാരപൈതൃക ഫാക്കൽറ്റിയിലാണ് നിൽക്കുന്നത്. അത് സാമൂഹ്യശാസ്ത്ര ഫാക്കൽറ്റിക്ക് കീഴിൽ കൊണ്ടുവരുന്നതാണ് ഉചിതം. ഭാവിയിൽ ചരിത്ര ഫാ ക്കൽറ്റി ആരംഭിക്കാൻ ശ്രമിക്കാവുന്നതാണ്. സാഹിത്യരചനാ കോഴ്സിന്റെ തുല്യത സംബന്ധിച്ച് കേരള സർവകലാശാലാ വൈസ് ചാൻസലർക്ക് കത്തെഴുതുക എന്ന ഫാക്കൽറ്റി ഉപദേശക സമിതി നിർദ്ദേശം ചർച്ച ചെയ്തു അംഗീകരിച്ചു. മലയാളത്തിന് വേണ്ടി രൂപീകരിച്ച സർവകലാശാലയിൽ മലയാളത്തിന്റെ വിവിധ സൂക്ഷ്മപഠന പ്രോഗ്രാമുകൾ നടത്തുന്നു എന്നത് സവിശേഷതയായി കണക്കാക്കുന്ന തരത്തിൽ കത്തുകളെഴുതുക. ചില എം.എ കോഴ്സുകൾ തുടർന്ന് നടത്തണമോ എന്ന വിഷയത്തിലും ചർച്ച നടന്നു. ഭാഷാശാസ്ത്ര ത്തിലെ ബിരുദാനന്തര ബിരുദ കോഴ്സ് നിർത്തലാക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്ന് ഡോ. ശ്രീനാഥൻ നിർദ്ദേശിച്ചു. ഇതു സംബന്ധമായ തീരുമാനം പിന്നീട് ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി മാറ്റിവെച്ചു.

സാഹിത്യ ഫാക്കൽറ്റി, പൈതൃകപഠന ഫാക്കൽറ്റി, കലാഫാക്കൽറ്റി എന്നീ ഉപദേശക സമിതികളുടെ യോഗതീരുമാനങ്ങൾ പണ്ഡിതസഭ അംഗീകരിച്ചു.

നമ്പർ: 2081/എ1/2018/അക്കാദമികം (ഭരണവിഭാഗം)

ഇനം നമ്പർ: **2020.06** (06/23)

വിഷയം: **സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യത്തിന്റെ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിന്മേലുള്ള തുടർനടപടികളുടെ ഭാഗമായി ബോർഡ് ഓഫ് സ്റ്റഡീസിന്റെ രൂപീകരണം - സിലബസ് അംഗീകരിക്കൽ എന്നിവ സംബന്ധിച്ച്**

തീരുമാനം: 2020 മാർച്ച് 4 ന് ചേർന്ന കലാഫാക്കൽറ്റി ഉപദേശകസമിതി തീരുമാനങ്ങൾ പണ്ഡിതസഭ അംഗീകരിച്ചു.

നമ്പർ: 597/2018/വി.സി. (ഭരണവിഭാഗം)

യോഗം 1.40ന് അവസാനിച്ചു.

രജിസ്ട്രാർ ഇൻ-ചാർജ്